entri

# Current affairs 26 Dec 2025

- **ഇന്ത്യ-മലേഷ്യ സംയുക്ത സൈനികാഭ്യാസമായ ഹരിമൗ ശക്തിയുടെ അഞ്ചാം പതിപ്പിന് വേദിയായത്**
  രാജസ്ഥാൻ

---

- **2025ലെ അണ്ടർ19 ഏഷ്യാ കപ്പ് കിരീട ജേതാക്കൾ**
  പാകിസ്താൻ
  - ഫൈനലിൽ ഇന്ത്യയെ പരാജയപ്പെടുത്തിയാണ് പാകിസ്താൻ കിരീടം സ്വന്തമാക്കിയത്.
  - 2025ലെ അണ്ടർ19 ഏഷ്യാ കപ്പ് ടൂർണമെന്റിന് വേദിയായത് - യുഎഇ

---

- **അടുത്തിടെ സർക്കാരിന്റെ എൻഒസി ലഭിച്ച കേരളം ആസ്ഥാനമായുള്ള എയർലൈൻ**
  അൽ ഹിന്ദ് എയർ

---

- **പൂനെ അസ്ട്രോഫിസിക്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ കണ്ടെത്തിയ സർപ്പിളാകൃതിയിലുള്ള (സ്പൈറൽ) താരാപഥത്തിന് നൽകിയ പേര്**
  അളകനന്ദ
  - പ്രപഞ്ചത്തിന് 150 കോടി വർഷം മാത്രം പഴക്കമുള്ളപ്പോൾ മുതൽ നിലനിന്നിരുന്ന താരാപഥത്തെയാണ് ശാസ്ത്രജ്ഞർ കണ്ടെത്തിയത്.
  - 12 ബില്യൺ പ്രകാശവർഷം അകലെയും ഏകദേശം 30,000 പ്രകാശവർഷം വ്യാസവുമുള്ള അളകനന്ദ ഗാലക്സി ജെയിംസ് വെബ് ബഹിരാകാശ ദൂരദർശിനി ഉപയോഗിച്ചാണ് കണ്ടെത്തിയത്.
  - ഹിമാലയത്തിലെ പുണ്യനദിയായ അളകനന്ദയുടെ പേരാണ് ഈ താരാപഥത്തിന് നൽകിയത്.

---

- **ഗ്രാമീണ സ്വത്തുക്കൾ ക്രമപ്പെടുത്തുന്നതിനും സംസ്ഥാന വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഇ-സ്വത്തു 2.0 ഡിജിറ്റൽ പ്ലാറ്റ്ഫോം ആരംഭിച്ച സംസ്ഥാനം**
  കർണാടക







4.8 ★ Download the app now | Learn in Malayalam